# കേരള സർവകലാശാല

നം. പി.ആർ.009/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്, എം.എസ്സി മെഡിസിനൽ കെമിസ്ട്രി, കെമിസ്ട്രി, അനലറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, എം.കോം പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സ്നേഹ ജെ ഡാനിയേൽ (രജി.നം 13120021 – ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ), നയീമ നൗഷാദ് (രജി.നം 13132010 – എം.കോം), അഞ്ജു ശോഭൻ എ.എസ് (രജി.നം. 13128001 – മെഡിസിനൽ കെമിസ്ട്രി), ഡോനിയ എൽ (രജി.നം 13105006 – കെമിസ്ട്രി), സിന്ധു വി (രജി.നം. 13132009 – അനലറ്റിക്കൽ കെമിസ്ട്രി), രശ്മി എസ്.നായർ (രജി.നം. 13129011 – അപ്ലൈഡ് കെമിസ്ട്രി) എന്നിവർ ഒന്നാം റാങ്ക് നേടി. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 25 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്, എം.എസ്സി കെമിസ്ട്രി, എം.കോം (2013–ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 25 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ബി.എസ്സി പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന അവസാന വർഷ ബി.എസ്സി (പാർട്ട് മൂന്ന് – മാത്തമാറ്റിക്സ് മെയിൻ) – (എസ്.ഡി.ഇ/എൽ.എസ്സി – റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 29 (50 രൂപ പിഴയോടെ മാർച്ച് രണ്ട്, 250 രൂപ പിഴയോടെ മാർച്ച് നാല്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം. പരീക്ഷാതീയതി പിന്നീട് അറിയിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിലെ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 25 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ബി.എസ്സി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്സി ബോട്ടണി ആൻഡ് ബയോടെക്നോളജി (247 – 2013 സ്കീം), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248 – 2013 & 2014 സ്കീം), ബയോടെക്നോളജി (മൾട്ടിമേജർ – 350 – 2013 സ്കീം), ബോട്ടണി & ബയോടെക്നോളജി (247 – 2013–ന് മുമ്പുള്ള അഡ്മിഷൻ – സപ്ലിമെന്ററി

മാത്രം), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248 – 2013–ന് മുമ്പുള്ള അഡ്മിഷൻ – സപ്ലിമെന്ററി മാത്രം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്വട്ടേഷനുകൾ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം ബയോഇൻഫർമാറ്റിക്സ് വിഭാഗത്തിൽ എസ്.ഐ.യു.സി.ഇ.ബി പ്രോജക്ടിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26 വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.dcb.res.in) ലഭിക്കും.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ (2013 സ്കീം) ബി.ടെക് പരീക്ഷയുടെ എല്ലാ ബ്രാഞ്ചുകളുടേയും ഉത്തരക്കടലാസുകൾ സൂക്ഷ്മപരിശോധനയ്ക്കു വേണ്ടി ഓൺലൈനായി അപേക്ഷിച്ചവർ ഫെബ്രുവരി 11 മുതൽ 20 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ പുനർമൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട സെക്ഷനിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റുമായി വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

## സമ്പർക്ക ക്ലാസില്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ സോഷ്യോളജിയുടെ സമ്പർക്ക ക്ലാസ് ഫെബ്രുവരി 13–ന് ഉണ്ടായിരിക്കുന്നതല്ല.

## എം.ഫിൽ കൊമേഴ്സ് പരീക്ഷ

കേരള സർവകലാശാല മാർച്ച് 14–ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ കൊമേഴ്സ് (2015 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 17 (50 രൂപ പിഴയോടെ ഫെബ്രുവരി 19, 250 രൂപ പിഴയോടെ ഫെബ്രുവരി 22) വരെ അപേക്ഷിക്കാം.

## പി.ജി.ഡി.ബി.എസ് ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 16–ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ, മാർച്ച് 23–ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റർനാഷണൽ കോൺഫറൻസ്

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ പ്രഥമ ഇന്റർനാഷണൽ കോൺഫറൻസ് ഏപ്രിൽ നാല് മുതൽ ആറ് വരെ പാളയം സെനറ്റ് ഹാൾ, സെനറ്റ് ചേംബർ എന്നിവിടങ്ങളിൽ നടത്തും. പ്രബന്ധത്തിന്റെ സംക്ഷിപ്ത രൂപം മാർച്ച് 15 വരെ സമർപ്പിക്കാം. രജിസ്ട്രേഷൻ, മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

## സെമിനാർ സമാപിച്ചു

കേരള സർവകലാശാല കാര്യവട്ടം അറബി പഠനവകുപ്പും തുർക്കിയിലെ ഇസ്താംബൂൾ ഫൗണ്ടേഷൻ ഫോർ സയൻസ് ആൻഡ് കൾച്ചറും സംയുക്തമായി നടത്തിയ രാജ്യാന്തര സെമിനാറിന്റെ സമാപന സമ്മേളനം എം.പി അബ്ദുൾ സമദ് സമദാനി ഉദ്ഘാടനം ചെയ്തു. പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, ഡോ. പി. നസീർ, ഇസ്താംബൂൾ ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ. ഹാരിസ് കായ തുടങ്ങിയവർ പങ്കെടുത്തു. (ഫോട്ടോ ഇ–മെയിൽ ചെയ്തിട്ടുണ്ട്).




(ഒപ്പ്)
ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
10.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ